നമ്പർ.സി.ഇ/പി.എൽ.എ1/1014/2005

ചീഫ് എഞ്ചിനീയരുടെ കാര്യാലയം
(ഡിസൈൻ & അഡ്മിനിസ്ട്രേഷൻ)
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം,
തീയതി. 12/10/2012.

## സർക്കുലർ

വിഷയം:- പാർട്ട് – ടൈം കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള നോ–ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) – സംബന്ധിച്ച്.

എഞ്ചിനീയറിംഗ് ഡിഗ്രി, ഡിപ്ലോമ, എം.ബി.എ തുടങ്ങിയ കോഴ്സുകളിൽ പാർട്ട് – ടൈമായി പഠിക്കുന്നതിന് പ്രവേശനം ലഭിക്കുന്നതിനുള്ള NOC നൽകുന്നതിന് നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ച് ശുപാർശ ചെയ്യുമ്പോൾ ജീവനക്കാരന്റെ പഠനം, ഏൽപ്പിച്ചിട്ടുള്ള ജോലിയെ ബാധിക്കുമോ, വൈകുന്നേരം 5.15 pm ന് അല്ലെങ്കിൽ 5.00 മണിക്ക് ജോലി പൂർത്തിയാക്കിയശേഷം 5.45 pm ന് ക്ലാസ് തുടങ്ങുന്ന സമയത്ത് സ്ഥാപനത്തിൽ എത്തിച്ചേരാൻ കഴിയുന്ന ദൂരത്തിലാണോ സ്ഥാപനം എന്നിവ കണക്കിലെടുക്കാറില്ല. ഇടുക്കി, വയനാട് ജില്ലകളിലും തങ്ങൾക്ക് ഇഷ്ടമില്ലാത്ത സ്ഥലങ്ങളിലും ജോലി ചെയ്യുന്നവർ പാർട്ട് – ടൈം കോഴ്സിന് അപേക്ഷിച്ച് സ്ഥലം മാറി പോകുന്നത് ജീവനക്കാരുടെ ദൗർലഭ്യമുള്ള ഇത്തരം സ്ഥലങ്ങളിലെ ഓഫീസ് ജോലികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ജീവനക്കാർക്ക് NOC നൽകാൻ ശുപാർശ ചെയ്യുകയും പിന്നീട് ജീവനക്കാരുടെ സേവനം ലഭിക്കുന്നില്ലെന്ന് മേലുദ്യോഗസ്ഥർ ഈ ഓഫീസിൽ പരാതി പറയുകയും ചെയ്യുന്നുണ്ട്. മാത്രമല്ല പാർട്ട് – ടൈം കോഴ്സിന് ചേർന്നതുകൊണ്ട് സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ശുപാർശ ചെയ്യിക്കയും ബഹുമാനപ്പെട്ട കോടതികളെ സമീപിക്കുകയും ചെയ്യുന്നു.

"ജീവനക്കാരൻ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് ........ ദൂരമാണുള്ളത്. ഓഫീസ് സമയം കഴിഞ്ഞശേഷം വിദ്യാഭ്യാസ സ്ഥാപനത്തിൽ എത്തിച്ചേർന്ന് പഠനം നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുകയില്ല, പാർട്ട് – ടൈം കോഴ്സിന്പഠിക്കുന്നത് ജീവനക്കാരന്റെ ജോലിയെ യാതൊരു തരത്തിലും ബാധിക്കുകയില്ല എന്നീ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു" എന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകണം. ആയതിനാൽ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിലും മേൽപറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തും മാത്രമേ ശുപാർശകൾ അയക്കാവൂ എന്ന് ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കുന്നു.

Sd/-
ചീഫ് എഞ്ചിനീയർ